**മത്തായി 8/23-34**

വി. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായം 23 മുതൽ 34 വരെയുള്ള വാക്യങ്ങളാണ് ഇന്നത്തെ വചനഭാഗം. 18 മുതൽ 22 വരെയുള്ള വാക്യങ്ങൾ ഈ വചനത്തിന്റെ വ്യാഖ്യാനത്തിന് വളരെ പ്രസക്തങ്ങളാണ്. തന്റെ ചുറ്റും പുരുഷാരം കൂടുന്നത് കണ്ടപ്പോൾ തോണിയിൽ കയറി മറുകരയക്ക് പോകാൻ ഈശോ ശിഷ്യൻമാരോട് കല്പിച്ചു. അതിനുശേഷം തന്റെ ചുറ്റും കൂടിനിൽക്കുകയും തന്നെ അനുഗമിക്കാൻ അമിതമായ ഉത്സാഹം കാണിക്കുകയും ചെയ്ത പലരേയും അവൻ പിന്തിരിപ്പിച്ചു. എന്നാൽ അവരിൽ, സ്വന്തം കുടുംബത്തോടും ഉത്തരവാദിത്വങ്ങളോടും വിശ്വസ്തരായിരുന്നവരെ (എന്റെ പിതാവിനെ സംസ്കരിക്കാൻ എന്നെ അനുവദിക്കണമേ... വാക്യം 21) ഇപ്പോൾത്തന്നെ തന്നെ (ഈശോയെ) അനുഗമിക്കുനാൻ അവൻ കൽപിക്കുകയും ചെയ്തു. (വാ. 22).

കർത്താവിന്റെ കൽപന കേട്ട ശിഷ്യൻമാർ തോണിയിൽ കയറി, ഒപ്പം ഈശോയും. തുടർന്നു വരുന്നത് ക്രിസ്തുശിഷ്യന്റെ ജീവിതത്തിലെ ഒഴിച്ചുകൂടാൻപറ്റാത്ത ഒരു യാഥാർത്ഥ്യമാണ്: കാറ്റും കോളും കഷ്ടപ്പാടും. ഈ കഷ്ടപ്പാടിലേക്ക് ശിഷ്യനെ കൈപിടിച്ച് നടത്തുന്നതും കർത്താവുതന്നെയാണ് (വാക്യം 18). ഇതു ദൈവത്തിന്റെ ഒരു പ്രവർത്തന ശൈലിയാണ ്: മാമ്മോദീസായ്ക്കുശേഷം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനായി പരിശുദ്ധാത്മാവ് മനുഷ്യപുത്രനെ മരുഭൂമിയിലേക്ക് നയിക്കുന്നത് കാണാം. ഈ പരീക്ഷകൾ അതിജീവിച്ചാൽ മാത്രമേ മനുഷ്യപുത്രന് തന്റെ ദൗത്യം ആരംഭിക്കാൻ കഴിയുകയുള്ളു (മത്തായി 4).

തന്റെ ശിഷ്യന് ഈ ലോകത്തിൽ കർത്താവ് വാഗ്ദാനം ചെയ്യുന്നത് അവന്റെ കുരിശിലും പരീക്ഷകളിലുമുള്ള പങ്കാളിത്തമാണ്. (ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല: യോഹ 15:10-21). എന്നാൽ കുരിശുകൾ നൽകുന്നതിനുമുമ്പ് അത് സ്വീകരിക്കാൻ തക്ക വിശ്വാസം തന്റെ ശിഷ്യർക്കുണ്ടോ എന്ന് അവൻ പരിശോധിച്ചു നോക്കും എന്നു മാത്രം. തന്നെ അനുഗമിക്കാൻ ആഗ്രഹിച്ച എല്ലാവരെയും കൊടുങ്കാറ്റിലേക്ക് അവൻ നയിച്ചില്ല. എന്നാൽ തന്റെ ശിഷ്യന്മാരെ പരീക്ഷകർക്ക് വിധേയമാക്കാൻ, നങ്കൂരമഴിച്ചുമാറ്റി കടലിലേക്കു നീങ്ങാൻ, അവൻ കൽപിക്കുകയും ചെയ്തു.

ഈ സംഭവം ക്രിസ്തു തന്റെ ശിഷ്യർക്കു നൽകിയ ഒരു പാഠമായിരുന്നുവെന്ന് നമുക്ക് മനസിലാവുന്നത് കർത്താവിന്റെ വാക്കുകളിൽ നിന്നുതന്നെയാണ്. ശിഷ്യരോടൊപ്പം യാത്ര തിരിച്ച കർത്താവ്

ശാന്തമായ കടലിൽ മാത്രമല്ല അവിടെ ഭയാനകമായ തിരകൾ ഉയർന്നപ്പോഴും ശാന്തമായി ഉറങ്ങുകയായിരുന്നു. കാറ്റും തിരയും കണ്ട് പേടിച്ച ശിഷ്യൻമാർ പ്രാണഭയത്തോടെ അവനെ വിളിച്ചുണർത്തി. അവർ നിലവിളിച്ചു. "കർത്താവേ, ഞങ്ങളിതാ നശിക്കുന്നു". കർത്താവെ, ഞങ്ങളെ രക്ഷിക്കണം എന്ന് അവർ അപേക്ഷിച്ചു എങ്കിലും ക്രിസ്തുവിന്റേതുപോലുള്ള ദൈവാശ്രയബോധമോ ദൈവപുത്രരെന്നുള്ള സുരക്ഷിതത്വബോധമോ അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ട് ഉറക്കമുണർന്ന അവൻ ആദ്യമായി അവരുടെ വിശ്വാസക്കുറവിനെ ശാസിക്കുകയാണ് ചെയ്യുന്നത്. അതിനുശേഷം മാത്രമാണ് അവൻ കാറ്റിനേയും കടലിനേയും ശകാരിക്കുന്നതും കടലിനെ ശാന്തമാക്കുന്നതും. തന്റെ ശിഷ്യരിൽ നിന്ന് തന്റേതിനു തുല്ല്യമായ ആഴമേറിയതും ശാന്തവുമായ വിശ്വാസമാണ് അവൻ പ്രതീക്ഷിക്കുന്നത് എന്നർത്ഥം. ക്രിസ്തു ശിഷ്യൻ പ്രശ്നങ്ങളുടെ നടുവിൽ ശാന്തത കൈവെടിയേണ്ടവനല്ല. അവൻ ദൈവപുത്രനാണ്.

വി. മത്തായിയുടെ ചിന്തയിൽ തോണിയെന്നത് സഭയുടെ പ്രതീകമാണ്. മത്തായിയുടെ സഭാസമൂഹത്തിലെ വിശ്വാസജീവിതാനുഭവമാണ് അദ്ദേഹം വിവരിക്കുന്നത്. ക്രിസ്തു ശിഷ്യൻ ജീവൻ പോലും അപകടത്തിലാക്കുന്ന സാഹചര്യങ്ങളിലൂടെ, സഭയിൽ ജീവിക്കാൻ കർത്താവിനാൽ വിളിക്കപ്പെട്ടവനാണ്. പ്രകൃതിയിലെ ഒരു ശക്തിക്കും അവനെ നശിപ്പിക്കാൻ കഴിയില്ല എന്നതും യാഥാർത്ഥ്യമാണ്. കാരണം സഭയിൽ ശാന്തമായി, നിശബ്ദനായി വിശ്രമിക്കുന്ന, ജീവിക്കുന്ന പ്രപഞ്ചസൃഷ്ടാവ് അവനോടൊപ്പമുണ്ട്. പ്രപഞ്ചത്തിലെ എല്ലാ സംഭവങ്ങളും ശക്തികളും അവന്റെ ശാസനക്ക് കീഴിലാണ്. അനുദിന ജീവിതത്തിലെ വിഷമകരമായ സാഹചര്യങ്ങളെ നാം അഭിമുഖീകരിക്കുമ്പോഴും ഈ യാഥാർത്ഥ്യം തന്നെയാണ് നമുക്ക് മാർഗ്ഗദീപമായിരിക്കേണ്ടത്. ക്രിസ്തുശിഷ്യൻ തന്റെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നതിന്വേണ്ടി മറ്റുള്ളവരേക്കാൾ അധികമായി കഷ്ടപ്പാടുകൾക്കും അപകടങ്ങൾക്കും വിധേയനാകാൻ വിളിക്കപ്പെട്ടവനാണ്. മറിയത്തിന്റെയും അപ്പസ്തോലൻമാരുടെയും വിശുദ്ധരുടെയും ജീവിതം ഇതിനുദാഹരണങ്ങളാണ്.

കർത്താവിന്റെ വചനം അനുസരിച്ച കടൽ ശാന്തമായി. അത് ശിഷ്യരിൽ വിശ്വാസം ഉണർത്തി. പ്രപഞ്ച സൃഷ്ടികൾ അനുസരിക്കുന്ന തങ്ങളുടെ ഗുരുവിനെക്കുറിച്ച് അത്ഭുതപ്പെട്ടുകൊണ്ട് അവർ ഇപ്രകാരം ചോദിച്ചു: "ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നണ്ടല്ലോ" (വാ. 27)

ശിഷ്യൻമാരുടെ ഈ ചോദ്യത്തിനുത്തരമാണ് തുടർന്നു വിവരിക്കുന്ന സംഭവം. തോണിയിറങ്ങിയ കർത്താവ് ഗദരായരുടെ ദേശത്തെത്തി.. അവിടെ അവൻ രണ്ട് പിശാചുബാധിതരെ കണ്ടുമുട്ടി. പിശാച് ദൈവരാജ്യത്തിന്റെ ശത്രുവാണ്. ശത്രുവിന്റെ രാജ്യത്തിന്റെ നാശത്തിനാണ് ദൈവപുത്രൻ ഈ ലോകത്ത് ആഗതനായത്. കർത്താവ്

മനുഷ്യന്റെ നന്മയും അവരുടെ ഉന്നമനവും സൗഖ്യവുമെല്ലാം ആഗ്രഹിക്കുമ്പോൾ പിശാച് മനുഷ്യന്റെ സമനില തെറ്റിക്കുകയും അവന്റെ അഭിമാനം നശിപ്പിക്കുകയും (വസ്ത്രം ധരിക്കാത്തവർ) അവന്റെ നാശം ആഗ്രഹിക്കുകയും (അവർ തങ്ങളെത്തന്നെ മുറിവേല്പിച്ചിരുന്നു), സഹജീവികളുടെ ജീവിതവും പ്രവർത്തികളും ദുർവഹമാക്കുകയും ചെയ്യുന്നു (വാ. 28). പിശാചുബാധിതന്റെ ജീവന്റെ നിയന്ത്രണം സാത്താന്റെ കൈകളിലാണ്. അവന് സ്വയം നിയന്ത്രിക്കാനുള്ള കഴിവില്ല. മനുഷ്യൻ ഏദനിൽ വച്ച് സർപ്പത്തിന് അടിയറവച്ച് നഷ്ടപ്പെടുത്തിയ അവന്റെ സ്വാതന്ത്ര്യം തിരികെ നേടാനാണ് മനുഷ്യപുത്രൻ വന്നത്.

തന്റെ രാജ്യത്തിന്റെ അന്തകനായി വന്നവനെ പിശാച് വേഗം തിരിച്ചറിഞ്ഞു. അവൻ ക്രിസ്തുവിനെ ദൈവപുത്രനാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് ഇപ്രകാരം വിളിച്ചു പറഞ്ഞു: "ദൈവപുത്രാ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? സമയത്തിനുമുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ വന്നിരിക്കുകയാണോ?" ഈശോ (ഇവൻ) ആരാണെന്ന ശിഷ്യന്റെ ചോദ്യത്തിന് പിശാചുബാധിതനാണ് ശരിയായ ഉത്തരം നൽകുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ ഇവിടെയാണ് ക്രിസ്തു ആദ്യമായി ദൈവപുത്രനാണെന്ന് വെളിപ്പെടുത്തപ്പെടുന്നത്.

ദൈവപുത്രന്റെ ശക്തി തിരിച്ചറിഞ്ഞ് പിശാച് അവനോട് യഹൂദർക്ക് അശുദ്ധമായിരുന്ന പന്നികളിൽ പ്രവേശിക്കാൻ അനുവാദം ചോദിച്ചു. സാത്താന്റെ സാമ്രാജ്യത്തിന്റെ ശക്തി ദൈവപുത്രന്റെ വചനത്തിന് മുകളിലല്ല എന്നർത്ഥം. അശുദ്ധാത്മാവ് പുറത്തുപോയപ്പോൾ പിശാചുബാധിതനായിരുന്നവൻ സ്വതന്ത്രനായി. അവർ അഭിമാനത്തോടെ വസ്ത്രം ധരിച്ച് കർത്താവിന്റെ കാൽക്കൽ ഇരുന്നു. അവർ സമൂഹത്തിലേക്ക് സ്വീകരിക്കപ്പെട്ടു. സ്വന്തം സ്വാതന്ത്ര്യം വിനിയോഗിക്കാൻ കഴിവുള്ളവനായിത്തീർന്നു.

രണ്ട് മനുഷ്യരുടെ സൗഖ്യത്തിനുവേണ്ടി ഇത്ര വലിയ നഷ്ടം സഹിക്കണമായിരുന്നുവോ എന്ന് ചോദിക്കുന്നവരുണ്ടാകാം. ഇത് മൃഗങ്ങളോടുള്ള ക്രൂരതയല്ലേ എന്നാണ് മറ്റുള്ളവരുടെ സംശയം. എന്നാൽ കർത്താവിനെ സംബന്ധിച്ചിടത്തോളം ഓരോ മനുഷ്യവ്യക്തിയും, അവന്റെ സ്വാതന്ത്ര്യവും, അവന്റെ സ്വീകാര്യതയും രക്ഷയും എത്ര വലിയ സമ്പത്തിനേക്കാളും ഉദാത്തമായ സമ്പത്താണ്.

പന്നി അശുദ്ധമായ മൃഗമാണ്. പിശാച് അശുദ്ധിയുടെ പിതാവും. അവന്റെ ശരിയായ വസസ്ഥലം ദൈവഛായായ മനുഷ്യനല്ല, മറിച്ച് അശുദ്ധമായ പന്നിയാണ്. ക്രിസ്തുവിന്റെ ആഗമനത്തോടെ അശുദ്ധനായ പിശാച് തനിക്ക് യോഗ്യമായ ഭവനത്തിൽ പ്രവേശിക്കുന്നതും തുടർന്ന് നശിച്ച് പോകുന്നതുമാണ് സുവിശേഷകൻ നല്കാൻ ആഗ്രഹിക്കുന്ന സന്ദേശം. ബൈബിളിൽ കടൽ നിഷേതാത്മകവും തിന്മനിറഞ്ഞതുമായവയെയെല്ലാമാണ് പ്രതിനിധികരിക്കുന്നത്. കർത്താവിന്റെ ദിനത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്നനാളിൽ കടൽ അപ്രത്യക്ഷമാകുമെന്ന്

വെളിപാട് പുസ്തകം പറയുന്നു (വെളി 21.1). കടലിൽ മനുഷ്യജീവന് അപകടം പതിയിരിക്കുന്നു. ഉഗ്രസർപ്പമായ റാഹാവും ലെവിയാത്തനും വസിക്കുന്നത് കടലിലാണ്(ജോബ് 26.12.13; സങ്കീ.74.13.14;89.10; ഏശ 27.1; 59.1). പിശാച് പ്രവേശിച്ച പന്നികൾ കടലിൽ മുങ്ങിചത്തു. മനുഷ്യപുത്രന്റെ വരവോടെ തിന്മ തിന്മയിൽതന്നെ പതിക്കുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

ഫാ. ആന്റണി തറേക്കടവിൽ

www.sundaypulpit.in